# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ടചോദ്യം നം. # 211** **19.06.2013-ലെ മറുപടിക്ക്**

## മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരുടെ അവധി പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :<br>ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ യോഗ്യരായ അദ്ധ്യാപകരുടെ കുറവ് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡപ്രകാരം യോഗ്യരായ അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നില്ല. രോഗികളുടെ ബാഹുല്യം കൂടി വരുമ്പോൾ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. |
| (ബി) എങ്കിൽ അതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | (ബി) സീനിയർ റസിഡന്റുമാരുടെ സേവനം പ്രയോജനപ്പെടുത്തി ഈ കുറവ് പരിഹരിച്ചുവരുന്നുണ്ട്. |
| (സി) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതിനു വേണ്ടി അദ്ധ്യാപകർ അവധിയിൽ പ്രവേശിക്കുന്നതു തടയാൻ എന്തൊക്കെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ ; | (സി) രാജ്യത്തിനുള്ളിലെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതിനായി അദ്ധ്യാപകർ അവധിയെടുക്കുന്ന സാഹചര്യം വിരളമാണ്. എന്നാൽ വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്നതിനായി ദൗർലഭ്യമില്ലാത്ത വിഭാഗങ്ങളിലെ അദ്ധ്യാപകർക്ക് വളരെ വിരളമായി ലീവ് അനുവദിക്കുന്നുണ്ട്. അത്തരം അവധി 10 വർഷം മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള ഫീസായി 1 ലക്ഷം രൂപ അവരിൽ നിന്നും സർക്കാർ ഈടാക്കുന്നുണ്ട്. അപ്രകാരം ലീവനുവദിക്കുന്ന സാഹചര്യത്തിൽ ടി തസ്തിക പ്രൊമോഷനിലൂടെ അല്ലെങ്കിൽ പി.എസ്.സി. വഴി നികത്തി വരുന്നുണ്ട്. |
| (ഡി) വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കുമോ ? | (ഡി) യോഗ്യരായ അദ്ധ്യാപകരുടെ അഭാവം മൂലം സർക്കാർ മെഡിക്കൽ കോളേജുകളുടെ പഠന നിലവാരത്തെ ദോഷകരമായി ബാധിക്കുന്ന അവസ്ഥ നിലവിലില്ല. |

സെക്ഷൻ ഓഫീസർ